**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 517 — 02.07.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി-പട്ടികവർഗ്ഗ വ്യവസായ സംരംഭകർ

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.കെ.വിജയൻ<br>". ഇ.ടി. ടൈസൺ മാസ്റ്റർ<br>". എൽദോ എബ്രഹാം | | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ വ്യവസായ സംരംഭകരാകുന്നതിലൂടെ സമൂഹത്തിലെ ജാതി ഉച്ചനീചത്വം വലിയൊരളവുവരെ കുറയ്ക്കാൻ കഴിയുമെന്നതിനാൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) & (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകരെ ബിസിനസിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br>സ്റ്റാർട്ട്അപ് ഡ്രീംസിൽ എൻറോൾ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ട്അപ്പുകൾക്ക് സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് പട്ടികജാതി വികസന വകുപ്പ് മുഖേന നൽകി വരുന്നു.<br>പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിൽ ഇല്ലായ്മ പരിഹരിക്കുന്നതിന് വ്യക്തികൾക്കും സ്വയംസഹായ സംഘങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പ് ധനസഹായം ചെയ്തുവരുന്നു. വ്യക്തിഗത വ്യവസായ സംരംഭങ്ങളേക്കാൾ, ഗ്രൂപ്പധിഷ്ഠിത സംരഭങ്ങൾക്കാണ് വകുപ്പ് ധനസഹായം നൽകുന്നത്. ഗ്രൂപ്പ് അധിഷ്ഠിത സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വകുപ്പ് ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു,<br>**1. ഗോത്രജീവിക**<br>തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവാക്കൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി തൊഴിലുറപ്പ് വരുത്തുന്ന പദ്ധതിയാണ് ഗോത്രജീവിക.<br>**2. പട്ടികവർഗ്ഗ വനിതകൾക്കായുള്ള വസ്ത്ര നിർമ്മാണ ശാല: അട്ടപ്പാടി ട്രൈബൽ അപ്പാരൽ പാർക്ക് (ATAP):**<br>അട്ടപ്പാടിയിൽ, ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ 6 മാസത്തെപരിശീലനം പൂർത്തീകരിച്ച 291 പട്ടികവർഗ്ഗ യുവതികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി അട്ടപ്പാടിയിൽ വസ്ത്രനിർമ്മാണശാല അടാപ്പ് എന്ന പേരിൽ |
| (ബി) | പ്രസ്തുത വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | | |

സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരി...

**3. മില്ലറ്റ് വില്ലേജ് - അട്ടപ്പാടി**

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകു... കൃഷിവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് മില്ലറ്റ് വില്ലേജ് പദ്ധതി.

**4. ഗോത്ര രശ്മി**

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജിവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ നേതൃരംഗത്തേക്ക് കടന്നു വരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിലൂടെ 60 ഗോത്ര രശ്മിഗ്രൂപ്പുകൾ രൂപീകരിച്ച് കാർഷിക സംരംഭകത്വത്തിന് സജ്ജരാക്കിയിട്ടുണ്ട്.

**5.മലയടി ഗിരിജൻ സൊസൈറ്റി**

മലയിടി ഗിരിജൻ ഹാന്റ് ലൂം വിവേഴ്സ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം പ്രവർത്തിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ ഉൾപ്പെട്ട ആദിവാസി മേഖലകൾ മുഴുവൻ സംഘത്തിന്റെ പരിധിയിലാണ്. കൈത്തറി നെയ്ത്ത് വ്യവസായം പരിപോഷിപ്പി ക്കുന്നതിനും ഗിരിജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്

**6.അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി**

കാർഷിക വ്യാവസായിക പുരോഗതി ലക്ഷ്യംവെച്ച് കൊണ്ട് അട്ടപ്പാടിയിൽ ആരംഭിച്ച അട്ടപ്പാടി കോപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി കാർഷിക വിളകളായ കോഫി, ഏലക്കായ, മഞ്ഞൾ. ഇഞ്ചി എന്നിവ കൃഷി ചെയ്ത് അത് വ്യവസായിക അടിസ്ഥാനത്തിൽ വിപണനം ചെയ്ത് വരുന്നു

**7. പ്രിയദർശിനി തേയിലത്തോട്ടം മാനന്തവാടി, വയനാട്**

പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നൽകുന്നതിനായി പ്രവർത്തിച്ചു വരുന്ന ഒരു വ്യവസായിക സംരംഭമാണ് മാനന്തവാടി പ്രിയദർശിനി തേയിലതോട്ടം. പ്രസ്തുത സൊസൈറ്റി തേയില ഫാക്ടറിയിൽ തേയില ഉൽപ്പാദനം നടത്തി വിപണനം ചെയ്യുന്നു. 300 പട്ടികവർഗ്ഗ കുടുംബങ്ങൾ ഈ സ്ഥാപനത്തിൽ തൊഴിൽ ചെയ്യുന്നുണ്ട്.

**8.ഗദ്ദിക**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സൊസൈറ്റികളായോ. കലാസംരംഭങ്ങളായോ, വ്യക്തിപരമായോ

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലൂടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ആയവ വിറ്റഴിക്കുന്നതിനുമുള്ള അവസരമൊരുക്കുകയും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകം ഉയർത്തിപ്പിടിക്കുന്ന തരത്തിലുള്ള നാടൻ കലാമേളകൾ, വംശീയവൈദ്യ ചികിത്സയും അവരുടെ ഗോത്രരീതിയിലുള്ള നാടൻഭക്ഷ്യരീതി അവർക്കുള്ള പവലിയനുകൾ, മെഗാഷോകൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നതാണ് ഗദ്ദിക 2019-20 എന്ന പ്രവദർശന വിപണനമേള ലക്ഷ്യം വയ്ക്കുന്നത്.<br>**9.ക്ഷീരവ്യവസായ സംരംഭങ്ങൾ**<br>പട്ടികവർഗ്ഗക്കാർക്ക് സ്ഥിരം വരുമാനം ലഭിക്കുക എന്ന ലക്ഷ്യം വെച്ച് മിൽമയുമായി സഹകരിച്ച് വിവിധ ക്ഷീരവ്യവസായ യൂണിറ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്. പാലും പാലുല്പന്നങ്ങളും ഉൽപാദിപ്പിച്ച് വിതരണം നടത്തുക എന്നതാണ് പ്രസ്തുത ക്ഷീര വ്യവസായ സംരംഭത്തിന്റെ ലക്ഷ്യം.<br>**10. പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനുള്ള ധനസഹായം**<br>പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെ വനവിഭവശേഖരണത്തിനും വിപണനത്തി നുമായി പ്രവർത്തിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾക്കായി ധനസഹായം നൽകുന്നുണ്ട്. പട്ടികവർഗ്ഗ ഫെഡറേഷൻറെ കീഴിലുള്ള ആയുർധാര എന്ന സ്ഥാപനം വാങ്ങുന്ന അസംസ്കൃത സാധനങ്ങൾ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നിന്ന് വാങ്ങുന്നതിലൂടെ ആ സംഘങ്ങൾക്ക് പ്രയോജനം ലഭിക്കുന്നു. ഇതിനു പുറമെ വകുപ്പുകളുടെയും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെയും വിവിധ സ്വയം തൊഴിൽ പദ്ധതികൾ നിലവിലുണ്ട്. |
| (സി) | സ്റ്റാർട്ട് അപ്പ് ഡ്രീംസ് എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ അറിയിക്കുമോ; | (സി) | കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിൽ തിരുവനന്തപുരം മണ്ണന്തലയിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ് ഡ്രീംസിൽ സംരഭക പരിശീലനവും ഇൻക്യുബേഷനും നടന്നു വരുന്നു. എൻറോൾ ചെയ്ത് പ്രവർത്തിച്ചു വരുന്ന സ്റ്റാർട്ട് അപ്പുകൾക്ക് പലിശരഹിത സീഡ് ലോൺ ലഭ്യമാക്കുന്നതിന് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് 2 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള സ്റ്റാർട്ടപ്പുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുമോ എന്നറിയിക്കുമോ; | (ഡി) | ഏതു ജില്ലയിൽ നിന്നുള്ള സംരംഭകരെയും സ്റ്റാർ അപ്പ് ഡ്രീംസിൽ പരിശീലിപ്പിക്കുന്നതാണ്. |
| (ഇ) | പട്ടികജാതി വികസന കോർപ്പറേഷൻ നടത്തുന്ന വ്യവസായ സംരംഭക പ്രോൽസാഹന നടപടികൾ അറിയിക്കുമോ? | (ഇ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാനുതകുന്ന വിധത്തിൽ 50,000/ രൂപ മുതൽ 50 ലക്ഷം രൂപ വരെ പദ്ധതിതുകയുള്ള വിവിധ സ്വയംതൊഴിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇവയിൽ വായ്പാതുക 5 ലക്ഷത്തിനു താഴെ വരുന്ന പദ്ധതികൾക്ക് 6% വും 5 ലക്ഷമോ അതിനു മുകളിലോ പദ്ധതിതുകയുള്ളവയ്ക്ക് 8% വും പലിശ നിരക്കാണ് ബാധകമായിട്ടുള്ളത്. വ്യവസായ സംരംഭകർക്ക് പദ്ധതികളെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനായി 2018-19 സാമ്പത്തിക വർഷം നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷനുമായി ചേർന്ന് വിവിധ സ്ഥലങ്ങളിൽ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി പട്ടികജാതിയിൽപ്പെട്ട മികച്ച സംരംഭകരെ ആദരിക്കുകയുമുണ്ടായി. മാത്രമല്ല സ്റ്റാർട്ട് അപ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 6% പലിശ നിരക്കിൽ പരമാവധി 50 ലക്ഷം രൂപ വായ്പാ അനുവദിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ